LIBRARY ARCHIVES Kerala Legislative Assembly

കെട്ടിടങ്ങൾക്കുള്ള ആഡംബര നികുതി

3 [2892] ശ്രീ. കെ. എൻ. എ. ഖാദർ :
,, പി. കെ. അബ്ദുറബ്ബ് :
,, ടി. പി. എം. സാഹിർ :
,, ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾക്കുള്ള ആഡംബര നികുതി നിലവിൽ വന്നത് എന്നാണ്;

(ബി) ആഡംബര നികുതി ചുമത്താൻ ഇപ്പോൾ കണക്കാക്കിയിട്ടുള്ള വിസ്തൃതി വളരെ പരിമിതമാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് വർദ്ധിപ്പിക്കാൻ തയ്യാറാകുമോ;

(ഡി) കെട്ടിട നികുതി പോലെ ആഡംബര നികുതിക്കും വിസ്തൃതിക്കനുസരിച്ച് സ്ലാബ് സമ്പ്രദായമാക്കാൻ തയ്യാറാകുമോ;

(ഇ) നികുതിദായകന്റെ സാമ്പത്തിക സ്ഥിതി മാറിവരുന്നതിനാൽ ആഡംബര നികുതി വർഷത്തിൽ നൽകുന്നതിന് പകരമായി ഒറ്റത്തവണ വാങ്ങി തീർപ്പാക്കാൻ സർക്കാർ തയ്യാറാകുമോ;

(എഫ്) ഇത് സംബന്ധമായി ഗവൺമെന്റിന്റെ നിലവിലുള്ള ഫയൽ എന്നത്തേക്ക് തീർപ്പാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-1999-നു ശേഷം പണി പൂർത്തിയായിട്ടുള്ള താമസത്തിനുള്ള കെട്ടിടങ്ങൾക്കാണ് ആഡംബര നികുതി നിശ്ചയിക്കാൻ ആരംഭിച്ചത്.

(ബി, സി, ഡി ആന്റ് ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

മണ്ണാർക്കാട് താലൂക്കിലെ കർഷകരിൽ നിന്നും ഭൂനികുതി പിരിച്ചെടുക്കാൻ നടപടി

4 [2893] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് താലൂക്കിലെ മലയോര മേഖലയിലെ കർഷകരിൽ നിന്ന് 1998 മുതൽ ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരിൽ നിന്ന് ഭൂനികുതി സ്വീകരിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇവരുടെ ഭൂനികുതി പിരിച്ചെടുക്കാൻ ഗവൺമെന്റ് എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചത്;

(ഡി) ഈ കർഷകരിൽ നിന്ന് ഭൂനികുതി സ്വീകരിക്കാൻ അടിയന്തിരമായി ഉത്തരവ് നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിക്ഷിപ്ത വനഭൂമിയായി നോട്ടിഫൈ ചെയ്ത ഭൂമി ആയതിനാലാണ് നികുതി സ്വീകരിക്കാത്തത്.

(സി ആന്റ് ഡി) തുടർച്ചയായി നികുതി സ്വീകരിച്ചുവരുന്ന കേസുകളിൽ നികുതി സ്വീകരിക്കാനും, തർക്കമുള്ള കേസുകളിൽ സംയുക്ത പരിശോധന നടത്തി അനുവദനീയമെന്നു കണ്ടാൽ സ്ഥിരമായി നികുതി സ്വീകരിക്കാനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിലെ പാട്ടത്തിനു നൽകിയ റവന്യൂ ഭൂമി

5 [2894] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ റവന്യൂ വകുപ്പിന്റെ ഭൂമി ഏതൊക്കെ സ്ഥാപനങ്ങൾക്കും, വ്യക്തികൾക്കും സംഘടനകൾക്കും പാട്ടത്തിന് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഓരോന്നിന്റെയും പാട്ടത്തുക എത്ര;

(സി) ഈ സംഖ്യ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ ഏതെല്ലാം; കുടിശ്ശിക തുക എത്ര വീതം;

(ഡി) തൃശ്ശൂർ ടൗണിൽ റവന്യൂ പുറമ്പോക്കായി സ്ഥലം ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സർവ്വേ നമ്പരുകളിലാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) പാട്ടത്തുകയുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly